**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4668** **19-03-2025 - ൽ മറുപടിയ്ക്ക്**

**പഴശ്ശി കനാലിന്റെ ചോർച്ച പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പഴശ്ശി കനാൽ കടന്നുപോകുന്ന വിവിധ പ്രദേശങ്ങളിൽ ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് പരിഹരിച്ച് കനാലിനെ പൂർണ തോതിൽ ജലവിതരണത്തിന് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 2018-19 മുതൽ 2024-25 വരെ ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് കനാലിലൂടെയുള്ള ജലവിതരണം സാധ്യമാകുന്ന രീതിയിൽ നവീകരിക്കുകയും ആയതിന്റെ ആദ്യ ട്രയൽ റൺ 20.04.2022 തീയതിയിൽ മെയിൻ കനാൽ ചെയിനേജ് 0/000 കിലോമീറ്റർ മുതൽ ചെയിനേജ് 5/500 കിലോമീറ്റർ വരെയും, രണ്ടാം ഘട്ട ടെസ്റ്റ് റൺ 20.03.2023 തീയതിയിൽ മെയിൻ കനാൽ ചെയിനേജ് 0/000 കിലോമീറ്റർ മുതൽ ചെയിനേജ് 13/500 കിലോമീറ്റർ വരെയും, മൂന്നാം ഘട്ട ടെസ്റ്റ് റൺ മെയിൻ കനാൽ ചെയിനേജ് 42/500 കിലോമീറ്റർ (പറശ്ശിനിക്കടവ്) വരെയും, മാഹി ബ്രാഞ്ച് കനാലിലൂടെയും അനുബന്ധ ഫീൽഡ് ബോത്തികളിലൂടെയും ജലവിതരണം നടത്തുവാനും സാധിച്ചിട്ടുണ്ട്. 2025 വർഷത്തെ ജലവിതരണം 06.01.2025-ന് ആരംഭിക്കുകയും മെയിൻ കനാൽ ചെയിനേജ് 42/500 കിലോമീറ്റർ (പറശ്ശിനിക്കടവ്) വരെയും അനുബന്ധ ഫീൽഡ് ബോത്തികളിലൂടെയും ജലവിതരണം നടത്തുവാനും 31.01.2025-ന് മാഹി ബ്രാഞ്ച് കനാലിലൂടെയുള്ള അനുബന്ധ ഫീൽഡ് ബോത്തികളിലൂടെയും ജലവിതരണം നടത്തുവാനും സാധിച്ചു. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പദ്ധതിയുടെ ബാക്കിയുള്ള കനാലുകൾ നവീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ